ചേർത്തലയിലും തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും Spoke പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് സൈബർപാർക്ക് Hub ആക്കിക്കൊണ്ട് കാസർഗോഡ് ജില്ലയിലും കണ്ണൂർ ജില്ലയിലും ഓരോ Spoke പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പാർക്കുകളുടെ വികസനം വഴി ആഗോള നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും ഐ.ടി. മേഖലയിലും മറ്റ് അനുബന്ധ മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(ബി) 2004-ൽ ഇൻഫോപാർക്ക് പ്രവർത്തനം ആരംഭിച്ചത് ഐ.ടി/ഐ.ടി.ഇ.എസ്. മേഖലയിൽ പാർക്ക് സ്ഥാപിക്കുന്നതിനായി KINFRA/KEPIP തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും infrastructure facility ഏറ്റെടുത്ത് സ്ഥലം അക്വയർ ചെയ്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഉദ്ദേശിച്ചുകൊണ്ടാണ്. 2014-ൽ മൊത്തം ഐ.ടി. കയറ്റുമതി 2350 കോടി രൂപയായിരുന്നു. കൂടാതെ 25000 പേർക്ക് പ്രത്യക്ഷമായും ഏകദേശം 80,000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കി. ഇതുകൂടാതെ മുന്നോട്ടുള്ള വികസനവും കൂടി കണക്കിലെടുത്ത് ഭാവിയിൽ ആവശ്യമായി വരുന്ന പുതിയ കെട്ടിട സമുച്ചയങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ആസൂത്രണം ചെയ്ത് നിർമ്മാണം തുടർന്നു വരുന്നു.

(സി) കോഴിക്കോട് സൈബർപാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ. ഇതേവരെ 64.49 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സൈബർപാർക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിൽ നാലു ചെറുകിട ഐ.ടി. കമ്പനികൾ പ്രവർത്തിച്ചുവരുന്നു. സൈബർപാർക്കിന്റെ ആദ്യ ഘട്ടത്തിലെ 2.88 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം 2016 മാർച്ചിൽ പൂർത്തീകരിക്കുന്നതോടെ ഐ.ടി/ഐ.ടി.ഇ.എസ്. മേഖലയിൽ കൂടുതൽ നിക്ഷേപവും പുതിയ തൊഴിലവസരങ്ങളും ഉണ്ടാകുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അധിക വൈദ്യുതോൽപ്പാദനം

1 (5805) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 218.95 MW സ്ഥാപിതശേഷിയുള്ള പദ്ധതികൾ കമ്മീഷൻ ചെയ്തു. ഇവയുടെ ആകെ ശരാശരി വാർഷിക ഉത്പ്പാദന ശേഷി 553.60 (Mu) ദശലക്ഷം യൂണിറ്റ് ആണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാരിന്റെ കാലത്ത് 39.41 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ 4 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 15.25 MW വൈദ്യുത ശൃംഖലയിലേയ്ക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്.

1. റാന്നി-പെരുനാട് SHEP	4 MW
2. ഹിച്ചി SHEP	1.25 "
3. വിലങ്ങാട് SHEP	7.5 "
4. ചിമ്മിനി SHEP	2.5 "
ആകെ	15.25 "

കൂടാതെ പുനരുദ്ധാരണ-നവീകരണ പ്രവർത്തനംവഴി 9 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്.

പെരിങ്ങൽകുത്ത് HEP	4 MW
ശബരിഗിരി HEP	5 "
ആകെ	9 "

ഇതിനു പുറമേ സ്വകാര്യ മേഖലയിലെ പദ്ധതികൾവഴി 15.16 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവും ഇക്കാലയളവിൽ ഉണ്ടായിരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly